
ശിഹാബുദ്ദീൻ ആരാമ്പ്രം

# ഹദീസും ചരിത്രരചനയും



**ചരിത്രരചനയുടെ** പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്നത് ഹെറോഡോട്ടസാണ്. ക്രി.മു. അഞ്ചാം ശതകത്തിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്. എന്നാൽ അതിനും എത്രയോ മുമ്പ്, ചരിത്രം മനുഷ്യന്റെ വിശ്വാസത്തിലും ചിന്തയിലും അന്വേഷണത്തിലും ഉണ്ടായിരുന്നു. ലോകത്തെ എല്ലാ വേദഗ്രന്ഥങ്ങളിലും മുൻഗാമികളുടെ ചരിത്രത്തിലേക്കുള്ള സൂചനകൾ കാണാം. ഋഗ്വേദം, സെന്ദവസ്ഥ, ബൈബിൾ(പഴയനിയമം), ഖുർആൻ എന്നിവ ഉദാഹരണം. കൂടാതെ പ്രാചീന കവിതകളിലും ഐതിഹ്യങ്ങളിലും പുരാവൃത്തങ്ങളിലുമെല്ലാം ചരിത്രം ഒളിഞ്ഞുകിടപ്പുണ്ട്. രാമായണം, മഹാഭാരതം, ഇലിയഡ്, ഗിൽഗമേഷ്, ശാഹ്നാമഃ തുടങ്ങിയ ഇതിഹാസ കൃതികൾ ചരിത്രത്തിന്റെ ചൂടേറ്റ് വിടർന്നവയാണ്. എങ്കിലും ആദ്യമായി ചരിത്രം എഴുതിയതും ചരിത്രത്തെ ഒരു സ്വതന്ത്ര വിജ്ഞാന ശാഖയായി വികസിപ്പിച്ചതും ഗ്രീക്കുകാരാണ്.


ക്രി.മു. ആറാം ശതകത്തിൽ പുരാതന ഗ്രീസിലെ അയോണിയക്കാരാണ് ഗവേഷണം, അന്വേഷണം എന്ന അർഥത്തിൽ 'ഹിസ്റ്റോറിയ' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. അതിൽനിന്ന് രൂപപ്പെട്ടതാണ് ചരിത്രത്തെക്കുറിക്കാൻ ഇന്നുപയോഗിക്കുന്ന 'ഹിസ്റ്ററി' എന്ന പദം. വിജ്ഞാനം അന്വേഷിക്കുന്നവനെ 'ഹിസ്റ്റോറിയോൺ' എന്നായിരുന്നു അവർ വിളിച്ചിരുന്നത്. എന്നാൽ 'താരീഖ്' (ചരിത്രം) എന്ന അറബി പദത്തിന് ചരിത്ര രചനയുമായി കൂടുതൽ അടുപ്പമുണ്ടെന്ന് കാണാം. 'രേഖപ്പെടുത്തി' എന്നർഥമുള്ള 'അർറഖ' എന്ന പദമാണ് 'താരീഖി'ന്റെ മൂലരൂപം. ഒരു സംഭവത്തിന്റെ ദിവസം, കാലം, സ്ഥലം എന്നിവ കുറിക്കുന്നതിനെയാണ് പ്രാമാണിക നിഘണ്ടുക്കളിൽ 'താരീഖ്' എന്നുപറയുന്നത്.

### ചരിത്രരചനയും ഹദീസ് ക്രോഡീകരണവും

ഹദീസ് ക്രോഡീകരണമാണ് ഇസ്‌ലാമിക ചരിത്രത്തിന്റെ ക്രോഡീകരണത്തിലേക്ക് വഴി തുറന്നത്. ശാസ്ത്രീയമായ ചരിത്ര രചന, ശാസ്ത്രീയമായ ഹദീസ് സമാഹരണത്തിന്റെ അനുബന്ധമാണ്. ഹദീസുകൾ തള്ളാനും കൊള്ളാനുമുള്ള യുക്തി ഭദ്രമായ മാർഗരേഖയാണ് സനദുകൾ. അതിന്റെ ആവിഷ്കാരവും വികാ




**ചരിത്രപഠനത്തിൽ ഹദീസുകൾ ദീക്ഷിക്കുന്ന സമത്വഭാവം ഇന്നും മറ്റ് ചരിത്രരചനാശാസ്ത്ര ങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടില്ല. ചരി ത്രരചനയിലെ പക്ഷപാതത്തിനും അന്ധമായ മതവൈരത്തിനും മികച്ച ഉദാഹരണമാണ്, ബ്രിട്ടീഷുകാരും പിൻഗാമികളും രചിച്ച ഇന്ത്യ യിലെ മധ്യകാല ചരിത്രം. എന്നാൽ ഒരു അറ ബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ യാതൊരു പ്രത്യേകതയു മില്ലെന്നാണ് ഹദീസുകളുടെ അധ്യാപനം. മത ത്തിന്റെയോ വർഗത്തിന്റെയോ വർണത്തി ന്റെയോ സ്വാധീനം ഹദീസുകളിലെ ചരിത്രശാസ്ത്രത്തിന് ഇല്ല. ഭൂമുഖത്തെ എല്ലാ മനുഷ്യരും ആദമിന്റെ സന്തതികളാ ണെന്ന സമഭാവനയാണ് ഇവിടെ അടിയാധാരമായി വർത്തിക്കുന്നത്.**




സവും ഹദീസ് ക്രോഡീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ചരിത്ര ശേഖരണത്തിൽ സനദുകൾ സാധ്യമാക്കിത്ത രുന്ന സത്യാന്വേഷണ പരത ഹദീസ് വിജ്ഞാനീയത്തിൽനിന്ന് കടംകൊണ്ടതാണ്. ചരിത്ര സംഭവം അതിൽ പങ്കാളികളായവ രിൽ നിന്നോ അതിന് ദൃക്സാക്ഷികളായവരിൽനിന്നോ നേരിട്ട് ശേഖരിക്കുകയാണ്. സനദുകൾ മുഖേന ദൃക്സാക്ഷിയെയോ പങ്കാളിയെയോ ലഭിച്ചില്ലെങ്കിൽ, അവരിലേക്ക് എത്തുന്ന നിവേ ദന പരമ്പരകളിലൂടെ വസ്തുതകൾ ശേഖരിക്കാം. അവിടെയും സനദുകൾ സഹായത്തിനെത്തുന്നു. എന്നാൽ സനദുകളെ കൂട്ടിയിണക്കുന്ന ശ്രേണികളിൽ വിടവ് ഉണ്ടാവാൻ പാടില്ല.

നിവേദകപരമ്പരയിലെ ഓരോ കണ്ണിയേ കുറിച്ചും സൂക്ഷ്മമായ അറിവ് സമ്പാദിക്കണം. അതിന് ശേഷമേ അവ രുടെ റിപ്പോർട്ടുകൾ പരിഗണിക്കാവൂ എന്നാണ് നിയമം. റിപ്പോർട്ടർമാർ എത്തരക്കാരാണ്, അവരുടെ തൊഴിൽ, ബുദ്ധി ശക്തി, സത്യസന്ധത, അവഗാഹം തുടങ്ങിയവ സൂക്ഷ്മമായി പഠിച്ച ശേഷമാണ് അവർക്ക് ഹദീസ് റിപ്പോർട്ട് ചെയ്യാനുള്ള യോഗ്യതയുണ്ടോ എന്ന് തീരുമാനിക്കുക. ഹദീസ് സ്വീകാര്യ മാകാനുള്ള മാനദണ്ഡങ്ങൾ ഇത്തരം ചരിത്രസംഭവങ്ങളുടെ സ്വീകരണത്തിലും ക്രോഡീകരണത്തിലും ഏറിയും കുറഞ്ഞും പരിഗണിക്കപ്പെടുകയുണ്ടായി. ചരിത്ര പഠനത്തിന് ഐതിഹ്യ ങ്ങളെയും പുരാവൃത്തങ്ങളെയും ആശ്രയിച്ചിരുന്ന അറബികളെ വസ്തുനിഷ്ഠമായ ചരിത്ര ഗവേഷണത്തിലേക്ക് വഴിനടത്തി യത് ഹദീസ് ശേഖരണത്തിൽ ദീക്ഷിച്ച സൂക്ഷ്മതയായിരുന്നു. അതിനുമുമ്പ് ചരിത്രരചനയിൽ ഇത്തരമൊരു സൂക്ഷ്മതയോ വസ്തുനിഷ്ഠതയോ ഉണ്ടായിരുന്നില്ല. ഒട്ടുമിക്ക ചരിത്ര രചന കളും കഥാകഥനങ്ങളായിരുന്നു. ചരിത്രത്തെ കെട്ടുകഥക ളിൽനിന്ന് മോചിപ്പിക്കാൻ ഹദീസ് ഗവേഷകരുടെ സൂക്ഷ്മത കാരണമായി.

ഹദീസ് പണ്ഡിതന്മാരുടെ സൂക്ഷ്മമായ ചരിത്ര പഠന ത്തിന് ഖത്വീബ് ബഗ്ദാദി(392/1002-463/1071)യുമായി ബന്ധ പ്പെട്ട ഒരു സംഭവം മതിയായ തെളിവാണ്. നികുതി നൽകുന്ന തിൽനിന്ന്, നബി(സ) ഖൈബറിലെ ജൂതന്മാരെ ഒഴിവാക്കിയി ട്ടുണ്ടെന്ന് കാണിക്കുന്ന ഒരു കത്ത് അവർ ഹാജറാക്കി. അതിലെ എഴുത്തിന് ഹദ്റത്ത് അലി(റ)യുടെ കൈയക്ഷര ത്തോട് സാമ്യമുണ്ടായിരുന്നു. കത്ത് സ്വഹാബിമാർ സാക്ഷ്യ പ്പെടുത്തിയതുമാണ്. അത് ശ്രദ്ധയിൽപെട്ടപ്പോൾ മന്ത്രി അബുൽഖാസിം കത്ത് പരിശോധിക്കുവാൻ, ഖത്വീബ് ബഗ്ദാ ദിയെ ഏൽപിച്ചു. പരിശോധിച്ച ശേഷം അദ്ദേഹം പറഞ്ഞു: 'ഈ കത്ത് വ്യാജമാണ്. കത്ത് സാക്ഷ്യപ്പെടുത്തിയവരിൽ ഒരാൾ ഹദ്റത് മുആവിയ(റ)യാണ്. അദ്ദേഹം മക്കാവിജയ വർഷത്തിലാണ് ഇസ്ലാം സ്വീകരിച്ചത്. എന്നാൽ അതിന് രണ്ടുവർഷം മുമ്പേ ഖൈബർ കീഴടക്കിയിരുന്നു. മറ്റൊരു സാക്ഷ്യം സഅ്ദുബ്നു മുആദി(റ)ന്റേതാണ്. അദ്ദേഹം ഹിജ്റ അഞ്ചാംവർഷം അന്തരിച്ചിരുന്നു. അതായത് ഖൈബർ യുദ്ധ ത്തിന് രണ്ടുവർഷം മുമ്പ്.' ഖത്വീബിന്റെ അഭിപ്രായം ശരിയാ ണെന്ന് ബോധ്യപ്പെട്ട അബുൽഖാസിം ജൂതൻമാരുടെ അഭി പ്രായം തള്ളി. ഇങ്ങനെ കൃത്യമായ കാലഗണനയിലൂടെ വ്യാജ ചരിത്രങ്ങളെ പുറന്തള്ളാൻ മുസ്ലിം ഹദീസ്/ചരിത്ര വിശാര ദർക്ക് സാധിച്ചു.

### ചരിത്രശേഖരണത്തിന്റെ ആരംഭം

ലോകത്തെ മറ്റ് സമൂഹങ്ങളെ പോലെ അറബികൾക്കും ഭൂതകാലത്തെപ്പറ്റി വാമൊഴിയായി കൈമാറിവന്ന പുരാവൃത്ത ങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. അവപോലും ഗ്രന്ഥരൂപത്തി ലായിരുന്നില്ല. പിൽക്കാല ചരിത്രകാരന്മാർ രണ്ട് ശാഖകളിലാ യാണ് പൂർവകാല അറബികളുടെ ചരിത്രം രേഖപ്പെടുത്തിയ ത്. ഒന്ന്, *ഇൽമുൽ അൻസാബ്* അഥവാ വംശാവലി ശാസ്ത്രം. രണ്ട്, *അയ്യാമുൽ അറബ്* അഥവാ അറബികളുടെ യുദ്ധചരി ത്രം.


അറബികളുടെയും അറേബ്യയുടെയും ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ചരിത്ര വിജ്ഞാനത്തിന്റെ കലവറയാണ് അവ രണ്ടും. തലമുറയായി കൈമാറിവന്ന അറബികളുടെ ഗോത്രത്തിന്റെയും കുടുംബത്തിന്റെയും പ്രാദേശിക വികസ നത്തിന്റെയും വളർച്ച സൂചിപ്പിക്കുന്ന ചരിത്രമാണ് വംശാവലി ശാസ്ത്രം. ഓരോ കുടുംബവും ഗോത്രവും അവരുടെ പൂർവ പിതാവിൽ എത്തുന്ന വംശാവലി ഹൃദിസ്ഥമാക്കിയിരുന്നു. ചെറിയ ഗോത്രങ്ങളെ കൂട്ടിയിണക്കുന്ന ഒരു മൂലഗോത്രം ഉണ്ടാ വും. അത്തരം ബന്ധങ്ങളിലൂടെ അവരുടെ ഐക്യബോധം ദൃഢമായി. അറബികളുടെ യുദ്ധചരിത്രം വിവരിക്കുകയാണ് *അയ്യാമുൽ അറബ്*. ഓരോ യുദ്ധത്തെയും ഓരോ ദിനമായി ട്ടാണ് എണ്ണിയത്. ഒരു ദിവസത്തെ യുദ്ധവും വർഷങ്ങൾ

നീണ്ടുനിന്ന യുദ്ധവുമെല്ലാം അതിലുണ്ട്. യൗമു ബുആസ്, അയ്യാമുൽ ഫിജാർ തുടങ്ങിയവ ഉദാഹരണം.

അറബികളുടെ ചരിത്രത്തിലെ ഒട്ടേറെ സംഭവപരമ്പരകൾ ഇസ്‌ലാമിന്റെ ആരംഭകാലംമുതൽ പ്രവാചകന്റെയും അനുചരന്മാരുടെയും ശ്രദ്ധയിൽ ഉണ്ടായിരുന്നു. അറബിയുടെ സ്വത്വബോധത്തിലേക്ക് വെളിച്ചം വീശുന്ന ഇത്തരം അറിവുകൾ ശേഖരിക്കുവാനും പഠിക്കുവാനും പ്രവാചകൻ നിർദേശിച്ചു. "നിങ്ങൾ വംശാവലി വിജ്ഞാനം കരസ്ഥമാക്കുക; അതിലൂടെ കുടുംബബന്ധം ചേർക്കുക" എന്ന് മുഹമ്മദ് നബി(സ) ഉണർത്തിയിരുന്നു. ഇത് അറബികളുടെ പൂർവ ചരിത്രവും സംരക്ഷിക്കപ്പെടാൻ ഇടയാക്കി. ഇബ്റാഹീം നബി(അ)വരെ എത്തുന്ന മുഹമ്മദ് നബി(സ)യുടെ പിതാമഹൻമാരുടെ വംശാവലി അഭിപ്രായ വ്യത്യാസങ്ങൾക്കിടമില്ലാത്തവിധം സ്വീകാര്യത നേടിയതാണ്. അവിടുന്നങ്ങോട്ട് ആദം നബിവരെയുള്ള പിതൃപരമ്പരകൾ കാണാം. അറേബ്യയിലെ ഏതാണ്ട് എല്ലാവരും ഇബ്റാഹീം നബിയുടെ സന്താന പരമ്പരയിൽപെട്ടവരാണെന്ന് അനുമാനിക്കപ്പെടുന്നു. ഗോത്രങ്ങളെയും തലമുറകളെയും പറ്റിയുള്ള ഈ അറിവാണ് അറബികളിൽ സാഹോദര്യ ചിന്ത കരുപ്പിടിപ്പിച്ച അടിസ്ഥാനങ്ങളിൽ ഒന്ന്. അതിന് പ്രവാചകന്റെ പ്രോത്സാഹനം കൂടി ലഭിച്ചതോടെ യുദ്ധത്തിലും വിഭാഗീയതകളിലും കുടുങ്ങിനിന്ന അറബികളുടെ ചരിത്രബോധം സാർവലൗകികവും സാർവദേശീയവുമായിത്തീർന്നു.

### ചരിത്ര ദർശനം

"വിശ്വാസികളേ, വല്ല തെമ്മാടിയും നിങ്ങളുടെ അടുക്കൽ വല്ല വാർത്തയും കൊണ്ടുവന്നാൽ നിങ്ങളതിന്റെ നിജസ്ഥിതി സൂക്ഷ്മമായി അന്വേഷിക്കേണ്ടതാകുന്നു" (*അൽഹുജുറാത്:* 6) എന്നാണ് ഖുർആന്റെ ആഹ്വാനം. ഒരു വാർത്തയോ സംഭവമോ അപ്പടി വിശ്വസിക്കുന്നതിനെയും ഉദ്ധരിക്കുന്നതിനെയും അതനുസരിച്ച് പ്രവർത്തിക്കുന്നതിനെയും ഈ സൂക്തം നിരുത്സാഹപ്പെടുത്തുന്നു. യാഥാർഥ്യം എന്തെന്ന് അന്വേഷിച്ചറിയണം. ഈ കൽപ്പനയുടെ അടിസ്ഥാനത്തിലാണ് ഹദീസ് പണ്ഡിതന്മാരും ചരിത്രഗവേഷകരും അവരുടെ രചനാശാസ്ത്രം ആവിഷ്കരിച്ചത്. ഖുർആന്റെ വീക്ഷണത്തിൽ, തലമുറകളിലേക്ക് കൈമാറേണ്ട അതിമഹത്തായ വിജ്ഞാനമാണ് ചരിത്രം. സത്യം വ്യക്തമാവാത്തതോ യാഥാർഥ്യം ബോധ്യമാവാത്തതോ ആയ ഒന്നിനെയും



ചരിത്ര സംഭവമായി അവതരിപ്പിക്കാൻ അനുവദിക്കുന്നില്ല. കാരണം അത്രമേൽ വലിയ സ്ഥാനമാണ് ചരിത്രത്തിന് ഖുർആൻ കൽപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ ദിനങ്ങൾ (അയ്യാമുല്ലാഹ്) എന്ന് ചരിത്രത്തെ ഖുർആൻ വിശേഷിപ്പിക്കുന്നു.

ഭൂമിയിൽ സഞ്ചരിച്ച് ധിക്കാരികളായ ജനതയുടെ പര്യവസാനം കണ്ടെത്തുവാൻ നൽകുന്ന ആഹ്വാനം (*ആലുഇംറാൻ*: 137) ചരിത്രരചനയിലെ മറ്റൊരു അടിസ്ഥാനമാണ്. ചരിത്രപഠനത്തിന്റെ ദേശീയവും പ്രാദേശികവുമായ പരിമിതികളെയാണ് ഇവിടെ മറികടക്കുന്നത്. അതുവരെ ലോകത്ത് നിലനിന്നിരുന്നത് പ്രാദേശികവും സ്വദേശിവൽകൃതവുമായ ചരിത്രരചനയായിരുന്നു. റോമൻ ചരിത്രവും ഗ്രീക്ക് ചരിത്രവും പേർഷ്യൻ ചരിത്രവും മാത്രമായിരുന്നു അവയിൽ അധികവും. ഇരുരാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധചരിത്രത്തിലപ്പുറം അന്ന് ചരിത്ര പഠനത്തിന്റെ ഭൂമിക വികസിച്ചിരുന്നില്ല. എന്നാൽ ഭൂമിയിൽ സഞ്ചരിക്കാനും ധിക്കാരികളായ ജനതയുടെ പര്യവസാനം കണ്ടെത്താനുമുള്ള പ്രോത്സാഹനം എല്ലാവിഭാഗം ജനതയുടെയും ചരിത്രം പഠിക്കുവാൻ ആവശ്യപ്പെടുകയാണ്.

ആദം നബിയുടെ സന്തതികളായ ഹാബീൽ-ഖാബീൽ സംഘട്ടനം മുതൽ ഈസാ നബിയുടെ സ്വർഗാരോഹണംവരെയും, ആദ് സമൂദ് ജനത മുതൽ ഫിർഔൻ വരെയുമുള്ള സമൂഹങ്ങളുടെ ചരിത്രത്തിലേക്ക് ഖുർആനിൽ വന്ന സൂചനകളെ ഹദീസുകൾ വിശദീകരിക്കുന്നുണ്ട്. അവയത്രയും പൂർവ ജനതയുടെ ചരിത്ര പഠനത്തിലേക്കുള്ള ഉപധാനമാണ്. പൂർവ ജനതയെപ്പറ്റി ഹദീസുകളിൽ വന്ന അരുളപ്പാടുകൾ ഭാവനയുടെ അംശം കലരാത്ത ദൈവിക ബോധനങ്ങളാണെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. അവയെ ഒരു ചരിത്രകൃതിയിലെ അധ്യായങ്ങളായി കാണാൻ കഴിയില്ലെങ്കിലും പൂർവ ജനതയുടെ ഉത്ഥാന പതനത്തിന്റെ ചരിത്രരചനക്കുള്ള ഉപധാനം തന്നെ.


ചരിത്രപഠനത്തിൽ ഹദീസുകൾ ദീക്ഷിക്കുന്ന സമത്വഭാവം ഇന്നും മറ്റ് ചരിത്രരചനാശാസ്ത്രങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടില്ല. ചരിത്രരചനയിലെ പക്ഷപാതത്തിനും അന്ധമായ മതവൈരത്തിനും മികച്ച ഉദാഹരണമാണ്, ബ്രിട്ടീഷുകാരും പിൻഗാമികളും രചിച്ച ഇന്ത്യയിലെ മധ്യകാല ചരിത്രം. എന്നാൽ ഒരു അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ യാതൊരു പ്രത്യേകതയുമില്ലെന്നാണ് ഹദീസുകളുടെ അധ്യാപനം. മതത്തിന്റെയോ വർഗത്തിന്റെയോ വർണത്തിന്റെയോ സ്വാധീനം ഹദീസുകളിലെ ചരിത്ര ശാസ്ത്രത്തിന് ഇല്ല. ഭൂമുഖത്തെ എല്ലാ മനുഷ്യരും ആദമിന്റെ സന്തതികളാണെന്ന സമഭാവനയാണ് ഇവിടെ അടിയാധാരമായി വർത്തിക്കുന്നത്.

പ്രമുഖ ഹദീസ് പണ്ഡിതനും ഇമാം ബുഖാരിയുടെ ഗുരുനാഥനുമായ അലി ഇബ്നു മദീനി, തന്റെ പിതാവ് യോഗ്യനായ ഹദീസ് നിവേദകനല്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതുപോലെ പിതാവിന്റെ പോലും അയോഗ്യത മറച്ചുവെക്കാത്ത സത്യസന്ധമായ ചരിത്ര രചന ഹദീസ് വിജ്ഞാനീയ ചരിത്ര

**ഇസ്‌ലാമിക ചരിത്രത്തിന്റെ മൗലിക സ്രോതസ്സുകളിൽ ഒന്നാണ് ഹദീസുകൾ. വിശ്വാസി സമൂഹത്തിന്റെ ജീവിതമാണ് ഹദീസുകളിൽ പ്രതിഫലിക്കുന്നത്. ആരാധനകൾ എങ്ങനെ അനുഷ്ഠിച്ചു എന്നതിന്റെ മാത്രം രേഖയല്ല അവ; വ്യക്തിയുടെ ആത്മസംസ്കരണം മുതൽ രാഷ്ട്രനിർമാണവും രാഷ്ട്രത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ പ്രവർത്തനങ്ങൾ വരെയും ഹദീസുകളിൽനിന്ന് കണ്ടെടുക്കാം. പ്രവാചകന്മാരുടെ പ്രബോധനം മുതൽ സച്ചരിതരായ ഖലീഫമാരുടെ രാഷ്ട്രതന്ത്രംവരെ അതിലുണ്ട്. എന്നാൽ രാജാക്കന്മാരുടെ പടയോട്ടങ്ങളും കോട്ടകൊത്തളങ്ങളുടെ നിർമാണവും മാത്രം ചരിത്രമായി കാണുന്നവർ ഹദീസുകൾ പരതിയാൽ നിരാശരാവും. അപരിഷ്കൃതരായ ജനത യുഗശിൽപികളായി മാറിയ ചരിത്രം അന്വേഷിക്കുന്നവർക്ക് ഹദീസുകൾ ഒഴിച്ചുകൂടാനാവാത്ത അവലംബം തന്നെ.**





**ചരിത്ര വിജ്ഞാന ശാഖക്ക് ഇബ്നു ജരീർ ത്വബ്‌രിയും ഇബ്നു ഖൽദൂനും ചെയ്ത സേവനങ്ങൾ തുല്യതയില്ലാത്തതാണെന്ന് പറയാം. ത്വബ്‌രി, ലോകാരംഭം മുതൽ ക്രി. പത്താം നൂറ്റാണ്ട് വരെയുള്ള സമഗ്ര ചരിത്ര രചനയാണ് നടത്തിയത്. നിരവധി യാത്രകൾക്ക് ശേഷം തന്റെ രചനക്കാവശ്യമായ ഉപധാനങ്ങൾ ശേഖരിച്ചു. ആദ്യത്തെ ലോകചരിത്ര രചയിതാവായി പാശ്ചാത്യ പണ്ഡിതന്മാർപോലും പരിഗണിക്കുന്നത് ത്വബ്‌രിയെയാണ്. യവന ചരിത്രവും റോമാ ചരിത്രവും പോലുള്ള ദേശീയ ചരിത്രം മാത്രമായിരുന്നു അതുവരെ ലോകത്ത് ഉണ്ടായിരുന്നത്. ത്വബ്‌രി, സൃഷ്ടിയുടെ പ്രഥമ നാൾ മുതൽക്കുള്ള ചരിത്രം വിപുലമായ ഹദീസ് വിജ്ഞാനത്തിന്റെ പിൻബലത്തോടെ രചിച്ചു. പിന്നീട് നൂറ്റാണ്ടുകൾ കഴിഞ്ഞാണ് പാശ്ചാത്യർ പോലും ലോകചരിത്രം എന്ന ആശയത്തിലേക്ക് എത്തിയത്.**

ത്തിൽ യഥേഷ്ടം കണ്ടെത്താം. ഇത്രയും സൂക്ഷ്മതയോടെയാണ്, നൂറോളം ഗ്രന്ഥങ്ങളിലായി പരന്ന് കിടക്കുന്ന അഞ്ച്ലക്ഷത്തോളം ഹദീസ് നിവേദകന്മാരുടെ ജീവചരിത്രകുറിപ്പുകൾ ശേഖരിച്ചത്. അതുവരെയും ലോകത്തെ മറ്റൊരു ജനതയും ഇത്രവലിയ ഒരു സാഹസത്തിന് മുതിർന്നിട്ടില്ലെന്ന്, അസ്മാഉർരിജാലിനെ(ഹദീസ് നിവേദകർ)പ്പറ്റി പഠനം നടത്തിയ പാശ്ചാത്യ പണ്ഡിതന്മാർ വിസ്മയത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെയെല്ലാം വിഭാഗീയതകൾക്കതീതമായി ചരിത്രത്തെ സമീപിക്കുകയാണ്.

പ്രവാചകന്റെ ജീവിതത്തിലൂടെ ചരിത്രരചനക്ക് ലഭിച്ച വിലപ്പെട്ട സംഭാവനയാണ് ഹിജ്റ വർഷം. പ്രവാചകൻ മക്കയിൽനിന്ന് മദീനയിലേക്ക് ചെയ്ത പലായനത്തോടെയാണ് ഹിജ്റയുടെ തുടക്കം. (ഹിജ്റ വർഷം കാലഗണനയായി പ്രാബല്യത്തിൽ വന്നത് ഉമറുബ്നുൽ ഖത്ത്വാബിന്റെ ഭരണകാലത്താണ്.) അതുവരെയും അവർ കാലഗണന നടത്തിയിരുന്നത് ഏതെങ്കിലും പ്രധാന സംഭവത്തെ കേന്ദ്രീകരിച്ചായിരുന്നു. മഅ്‌രിബ് അണക്കെട്ടിന്റെ തകർച്ചയും അബ്റഹത്തിന്റെ ആനക്കലഹവുമെല്ലാം കാലഗണനക്ക് അടിസ്ഥാനമായിരുന്നു. പ്രവാചകന്റെ ഹിജ്റ ഒരു കാലത്തിന്റെയും കാലഗണനയുടെയും തുടക്കമായി. അതിൽനിന്ന് ഒരു ചരിത്രം മാത്രമല്ല ചരിത്രരചനാ ശാസ്ത്രംകൂടി ഉദയം കൊണ്ടു.

### ചരിത്രരചനയുടെ തുടക്കം

നബിചരിത്ര കൃതികളുടെ രചനയോടെയാണ് മുസ്‌ലിം ലോകത്ത് ചരിത്രരചന ആരംഭിച്ചത്. അതിന് പ്രേരണയായത് അറബികളുടെ വംശചരിത്രമായിരുന്നു. ഗോത്രങ്ങളുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളും യുദ്ധവാർത്തകളുമെല്ലാം എഴുതി സൂക്ഷിക്കുന്ന സമ്പ്രദായം അറബികൾക്ക് നേരത്തെ ഉണ്ടായിരുന്നുവെന്ന് നാം കണ്ടു. ഇസ്‌ലാമിന്റെ ആഗമനത്തോടെ അത് കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. പ്രവാചകനുമായി ബന്ധപ്പെട്ട സംഭവങ്ങൾ അനുയായികളിൽ പലരും എഴുതിസൂക്ഷിച്ചത് അങ്ങനെയാണ്. മതവിധികളും ആചാരാനുഷ്ഠാനങ്ങളിലുള്ള നിർദേശങ്ങളുമെല്ലാം അവർ ശേഖരിച്ചു. അബ്ദുല്ലാ ഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അംറുബ്നിൽ ആസ്, അലിയ്യുബ്നു അബീത്വാലിബ്, അനസ്(റ) എന്നിവരെല്ലാം ഹദീസുകൾ രേഖപ്പെടുത്തിയവരിൽ ചിലരാണ്.

സ്വഹാബിമാരുടെയും സച്ചരിതരായ ഖലീഫമാരുടെയും കാലത്ത് ഹദീസുകളും കർമശാസ്ത്ര വിധികളുമായിരുന്നു രേഖപ്പെടുത്തിയിരുന്നത്. ഉമവികളുടെ കാലത്താണ് ചരിത്രം സ്വതന്ത്രമായി എഴുതാൻ തുടങ്ങിയത്. ഒരിക്കൽ, അംറുബ്നുൽ ആസി(റ)നോട് ഹിംയർ ഗോത്രത്തെപ്പറ്റി അറിയുവാൻ അമീർ മുആവിയ താൽപര്യം പ്രകടിപ്പിച്ചു. അന്ന് ജീവിച്ചിരുന്ന ചരിത്രകാരനും വംശാവലി പണ്ഡിതനുമായ ഉബൈദുബ്നു ശരിയ്യയെ അദ്ദേഹം യമനിൽനിന്ന് ക്ഷണിച്ചുവരുത്തി, മുആവിയക്ക് പരിചയപ്പെടുത്തി. പുരാതന സമൂഹങ്ങൾ, അറബി-അനറബി രാജാക്കന്മാർ, ഭാഷാ വൈവിധ്യം, വിവിധ നാടുകളിലേക്കുള്ള ജനങ്ങളുടെ വ്യാപനം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മുആവിയ അദ്ദേഹത്തോട് അന്വേഷിച്ചറിഞ്ഞു. ചരിത്ര വിജ്ഞാനത്തിൽ ഉബൈദുബ്നു ശരിയ്യക്കുള്ള പാണ്ഡിത്യവും സൂക്ഷ്മതയും ബോധ്യപ്പെട്ട മുആവിയ അത് ഗ്രന്ഥരൂപത്തിൽ രേഖപ്പെടുത്താൻ ആജ്ഞാപിക്കുകയായിരുന്നു.

### ഹദീസുകളിലെ ചരിത്രാംശം

ഇസ്‌ലാമിക ചരിത്രത്തിന്റെ മൗലിക സ്രോതസ്സുകളിൽ ഒന്നാണ് ഹദീസുകൾ. വിശ്വാസി സമൂഹത്തിന്റെ ജീവിതമാണ് ഹദീസുകളിൽ പ്രതിഫലിക്കുന്നത്. ആരാധനകൾ എങ്ങനെ അനുഷ്ഠിച്ചു എന്നതിന്റെ മാത്രം രേഖയല്ല അവ; വ്യക്തിയുടെ ആത്മ സംസ്കരണം മുതൽ രാഷ്ട്ര നിർമാണവും രാഷ്ട്രത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ പ്രവർത്തനങ്ങൾ വരെയും ഹദീസുകളിൽനിന്ന് കണ്ടെടുക്കാം. പ്രവാചകന്മാരുടെ പ്രബോധനം മുതൽ സച്ചരിതരായ ഖലീഫമാരുടെ രാഷ്ട്രതന്ത്രംവരെ അതിലുണ്ട്. എന്നാൽ രാജാക്കന്മാരുടെ പടയോട്ടങ്ങളും കോട്ടകൊത്തളങ്ങളുടെ നിർമാണവും മാത്രം ചരിത്രമായി കാണുന്നവർ ഹദീസുകൾ പരതിയാൽ നിരാശരാവും. അപരിഷ്കൃതരായ ജനത യുഗശിൽപികളായി മാറിയ ചരിത്രം അന്വേഷിക്കുന്നവർക്ക് ഹദീസുകൾ ഒഴിച്ചുകൂടാനാവാത്ത അവലംബം തന്നെ.

അക്കമിട്ട് പറയുന്ന രീതിയല്ല ഹദീസുകളിലെ ചരിത്ര വിവരണത്തിനുള്ളത്. ചരിത്രസംഭവങ്ങളെ ഓർമിപ്പിച്ചുകൊണ്ട് അതത് കാലത്തെ വിശ്വാസിസമൂഹത്തിന്റെ അതിജീവനം എങ്ങനെ സാധ്യമാവും എന്ന് പഠിപ്പിക്കുകയാണ്. പൂർവ പ്രവാചകന്മാരുടെ ജീവിതത്തെയോ കാലത്തെയോ ജനതയെയോ സംബന്ധിച്ച അറിവുകളായിരിക്കും നമുക്കതിൽനിന്ന് കിട്ടുക. പരിമിതമായ വിവരങ്ങൾ മാത്രമാണ് ഓരോ സംഭവത്തെപ്പറ്റിയും ഹദീസുകളിൽ ഉള്ളതെങ്കിലും കാതലായ അംശം വിട്ടുപോയിട്ടുണ്ടാവില്ല. ഹദീസുകളിലെ ചരിത്രവിവരണത്തിന്റെ സവിശേഷതയാണിത്. കൂടാതെ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ്, മനുഷ്യന്റെ സൃഷ്ടിപ്പ്, ഭൂമിയിലേക്കുള്ള ആഗമനം, ഹാബീൽ -ഖാബീൽ സംഘട്ടനം, ആദം നബിമുതലുള്ള പ്രവാചകന്മാർ, അവരുടെ കുടുംബം, തൊഴിൽ, സന്മാർഗ നിർദേശം, ഓരോ



**ആദ്യകാല ചരിത്രകാരന്മാർ ഹദീസ് പണ്ഡിതന്മാർ കൂടിയായിരുന്നു. അവരുടെ വിപുലവും വിശദവുമായ ഹദീസ് പഠനം ചരിത്രരചനയെ വലിയ അളവിൽ സ്വാധീനിക്കുകയുണ്ടായി. ഹദീസ് പഠനത്തിലൂടെ ചരിത്ര പഠനത്തിലും, ഹദീസ് ശേഖരണത്തിലൂടെ ചരിത്ര ശേഖരണത്തിലും നിരതരായവരായിരുന്നു അവരിലധികവും. അതിനാൽ ചരിത്ര രചനയെ വളരെയധികം സ്വാധീനിക്കുവാൻ ഹദീസുകൾക്ക് കഴിഞ്ഞു.**

കാലത്തെയും ജനതയുടെ പ്രതികരണം, പ്രവാചകന്മാർക്കെതിരെയുള്ള മർദനം, ലോകത്തെ പ്രധാന മതങ്ങളുടെ പൂർവികനായി കരുതപ്പെടുന്ന ഇബ്റാഹീം നബി(അ)യുടെ ജീവിതം, മൂസാനബി(അ)യും ഫിർഔനും തുടങ്ങി മുഹമ്മദ് നബി(സ)യുടെ ആഗമനത്തിന് മുമ്പുള്ള ഒട്ടേറെ ചരിത്രസംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. മുഹമ്മദ് നബി(സ)യുടെ ജീവിതം പൂർണമായും ഹദീസുകളിൽനിന്ന് വായിച്ചെടുക്കാം.

### പ്രധാന ചരിത്രകൃതികളും ഗ്രന്ഥകാരന്മാരും

പ്രവാചകന്റെ ചരിത്രം ക്രോഡീകരിക്കുന്നതിലായിരുന്നു ആദ്യകാല ചരിത്രകാരന്മാരുടെ ശ്രദ്ധ. താബിഈ പണ്ഡിതൻ ഇബ്നു ഇസ്ഹാഖിന്റെ(ഹി: 85-152/ക്രി: 769) '*അൽ മഗാസീ വസ്സിയർ*' ആണ് നബിചരിത്രകൃതികളിൽ പ്രസിദ്ധം. ആദം നബിമുതൽ മുഹമ്മദ് നബിയുടെ മരണം വരെയുള്ള കാര്യങ്ങളാണ് കൃതിയിലെ പ്രതിപാദ്യം. മദീനയിൽ ജനിച്ച അദ്ദേഹം അവിടെയുള്ള നിരവധി പണ്ഡിതന്മാരിൽനിന്ന് ഹദീസുകൾ പഠിച്ചു. പിന്നീട് ഹി: 115 മുതൽ അലക്സാന്ത്രിയ, കൂഫഃ, റയ്യ്, ബഗ്ദാദ് തുടങ്ങിയ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് ഒട്ടേറെ ഹദീസുകൾ ശേഖരിക്കുകയും ചരിത്രത്തിൽ അവഗാഹം നേടുകയും ചെയ്തു. അബ്ബാസീ ഖലീഫ അൽ മൻസൂറിന്റെ നിർദേശപ്രകാരമാണ് അദ്ദേഹം രചന നടത്തിയത്. ഇബ്നു ഇസ്ഹാഖിന്റെ ചരിത്രകൃതിയെ സംശോധന നടത്തി സംഗ്രഹിച്ച ഇബ്നു ഹിശാമാണ് മറ്റൊരു ചരിത്രകാരൻ. മുഹമ്മദ് നബിയുമായി ബന്ധമില്ലാത്തവ അദ്ദേഹം ഒഴിവാക്കി. *സീറത്തു ഇബ്നി ഹിശാം* എന്നാണ് അദ്ദേഹത്തിന്റെ കൃതിയുടെ പേര്.

പ്രവാചകന്റെ ജീവചരിത്രത്തിൽ തുടങ്ങിയ ചരിത്രരചന വികാസത്തിന്റെ ഉത്തുംഗത പ്രാപിക്കുന്നതാണ് പിന്നീട് കണ്ടത്. ഇബ്നു ജരീറുത്ത്വബരിയുടെ (മ.ഹി: 310) *താരീഖുൽ ഉമമി വൽമുലൂക്*, അൽ മസ്ഊദിയുടെ *മുറൂജുദ്ദഹബ്*, ഇബ്നുൽ അസീറിന്റെ *അൽകാമിലു ഫിത്താരീഖ്*, ഇബ്നു കസീറിന്റെ *അൽ ബിദായ വന്നിഹായ*, ഇബ്നു ഖൽദൂന്റെ *കിതാബുൽ ഇബർ* എന്നിവ ശ്രദ്ധേയമായ ചരിത്രകൃതികളിൽ ചിലതാണ്. ഹദീസ് നിവേദകരെക്കുറിച്ച ജീവചരിത്ര കൃതികളും പ്രധാന രചനകളിൽപെടുന്നു. ഇബ്നുൽ അസീറിന്റെ *ഉസ്ദുൽ ഗാബഃ ഫീ മഅ്രിഫതി സ്സ്വഹാബഃ*, ഇബ്നു അബ്ദിൽ ബർറിന്റെ *അൽ ഇസ്തീആബ്*, ഇബ്നു ഹജറുൽ അസ്ഖലാനിയുടെ *അൽ ഇസ്വാബതു ഫീ തമ്മീസിസ്വഹാബഃ*, യഹ്യ ഇബ്നു മഈനിന്റെ *കിതാബുർറുവാത്*, ഇമാം ബുഖാരിയുടെ *അത്താരീഖുൽ കബീർ*, ഖതീബുൽ ബഗ്ദാദിയുടെ *താരീഖു ബഗ്ദാദ്* എന്നിവ ജീവചരിത്ര കൃതികളിൽ ചിലതാണ്.

ചരിത്ര വിജ്ഞാന ശാഖക്ക് ഇബ്നു ജരീർ ത്വബരിയും ഇബ്നു ഖൽദൂനും ചെയ്ത സേവനങ്ങൾ തുല്യതയില്ലാത്തതാണെന്ന് പറയാം. ത്വബരി, ലോകാരംഭം മുതൽ ക്രി. പത്താം നൂറ്റാണ്ട് വരെയുള്ള സമഗ്ര ചരിത്ര രചനയാണ് നടത്തിയത്. നിരവധി യാത്രകൾക്ക് ശേഷം തന്റെ രചനക്കാവശ്യമായ ഉപധാനങ്ങൾ ശേഖരിച്ചു. ആദ്യത്തെ ലോകചരിത്ര രചയിതാവായി പാശ്ചാത്യ പണ്ഡിതന്മാർപോലും പരിഗണിക്കുന്നത് ത്വബരിയെയാണ്. യവന ചരിത്രവും റോമാ ചരിത്രവും പോലുള്ള ദേശീയ ചരിത്രം മാത്രമായിരുന്നു അതുവരെ ലോകത്ത് ഉണ്ടായിരുന്നത്. ത്വബരി, സൃഷ്ടിയുടെ പ്രഥമ നാൾ മുതലുള്ള ചരിത്രം വിപുലമായ ഹദീസ് വിജ്ഞാനത്തിന്റെ പിൻബലത്തോടെ രചിച്ചു. പിന്നീട് നൂറ്റാണ്ടുകൾ കഴിഞ്ഞാണ് പാശ്ചാത്യർ പോലും ലോകചരിത്രം എന്ന ആശയത്തിലേക്ക് എത്തിയത്.

മധ്യകാല ചരിത്രകാരന്മാരിൽ പ്രമുഖനാണ് ഇബ്നു ഖൽദൂൻ. ചരിത്രത്തെ ശാസ്ത്രീയമായി കാണുകയും ചരിത്ര രചനയെ സാമൂഹിക തത്ത്വശാസ്ത്രമായി വികസിപ്പിക്കുകയുമായിരുന്നു അദ്ദേഹം. എല്ലാ സാമൂഹിക പ്രതിഭാസങ്ങളുടെയും പഠനമായി ചരിത്രപഠനത്തെ അദ്ദേഹം കണ്ടു. കാലാവസ്ഥ, ഭൂമിശാസ്ത്ര വൈവിധ്യം തുടങ്ങിയ ഭൗതിക ഘടകങ്ങൾ പോലും ചരിത്രത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് നിരീക്ഷിച്ചു. മാനവരാശിയുടെ ഉൽപത്തി, നാടോടി ജീവിതം, സമൂഹത്തിന്റെ ഉത്ഥാന പതനങ്ങൾ, അവയുടെ നിമിത്തം, സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം എങ്ങനെ സ്വകാര്യ ജീവിതത്തെ സ്വാധീനിക്കുന്നു എന്നിവയെല്ലാം സൂക്ഷ്മമായി പഠിച്ചു അദ്ദേഹം. അതിന്റെ ഫലമാണ് ഇബ്നു ഖൽദൂന്റെ ചരിത്രശാസ്ത്രം. ആ നിരീക്ഷണങ്ങളും വിശകലനങ്ങളും ഹദീസുകളിൽ നിന്നും അതിന്റെ ചരിത്രദർശനത്തിൽനിന്നും പിറവിയെടുത്തതാണെന്ന് കണ്ടെത്താൻ പ്രയാസമില്ല.

ആദ്യകാല ചരിത്രകാരന്മാർ ഹദീസ് പണ്ഡിതന്മാർ കൂടിയായിരുന്നു. അവരുടെ വിപുലവും വിശദവുമായ ഹദീസ് പഠനം ചരിത്രരചനയെ വലിയ അളവിൽ സ്വാധീനിക്കുകയുണ്ടായി. ഹദീസ് പഠനത്തിലൂടെ ചരിത്ര പഠനത്തിലും, ഹദീസ് ശേഖരണത്തിലൂടെ ചരിത്ര ശേഖരണത്തിലും നിരതരായവരായിരുന്നു അവരിലധികവും. അതിനാൽ ചരിത്ര രചനയെ വളരെയധികം സ്വാധീനിക്കുവാൻ ഹദീസുകൾക്ക് കഴിഞ്ഞു. ■